# Academic

# MASTER PLAN

# L.P

# 2025-26

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

സ്കൂൾ : GHSS PUTHUPARAMBA

ക്ലാസ് : ഒന്ന്

ഉപ ജില്ല : വേങ്ങര

ജില്ല : മലപ്പുറം

## ഉള്ളടക്കം


ആമുഖം.
പ്രവർത്തനങ്ങൾ
ചാർട്ടുകൾ
സംസ്കൃതഡയറി
മലയാളം മധുരം.
നിർമ്മാണ ശില്പശാല.
റീഡേഴ്സ് തിയറ്റർ.
രചനോത്സവം.
കൂട്ടെഴുത്ത് പത്രം.
നാട്ടുവിശേഷം കൂട്ടെഴുത്ത്.
വരയുത്സവം.
സചിത്ര കഥാരചന
ശാസ്ത്രോത്സവം.
തിരങ്ങ്
സമഗ്ര വിലയിരുത്തലും പഠനപുരോഗതിയും.
ക്ലാസ് പി.ടി.എ. ശാക്തീകരണം
പഠനോത്സവം.

# ആമുഖം

ജി.എച്ച്.എസ്.എസ്. പുതുപ്പറമ്പ് സ്കൂളിൽ 2025-26 അധ്യയന വർഷം ഒന്നാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ. ഒന്നിൽ പ്രവേശിപ്പിക്കപ്പെട്ട എല്ലാ കുട്ടികൾക്കും എല്ലാവിഷയങ്ങൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിത പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ ഒന്നാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്.

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം.

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും സ്വായത്തമാക്കിയ അക്ഷരങ്ങൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘു ബാലസാഹിത്യ കൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടും.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുതുന്നതിൽ ഏർപ്പെടുകയും സ്വതന്ത്ര രചയിതാക്കളാവുകയും ചെയ്യും.
- സ്വായത്തമാക്കിയ അക്ഷരങ്ങൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ലഭിക്കും.
- സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ക്ലാസ് പി.ടി.എ. കൾ ശക്തിപ്പെടുത്തും.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭിക്കും.

# പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1 | പാഠരംഗ് | ഓരോ ടേമിലും ഒന്ന് |
| 2 | സംയുക്ത ഡയറി | ജൂലൈ |
| 3 | മലയാള മധുരം | ജൂൺ മുതൽ |
| 4 | നിർമ്മാണ ശില്പശാല | ജൂലൈ ദിവസം |
| 5 | റീഡേഴ്സ് തീയേറ്റർ | ഡിസംബർ |
| 6 | രചനോത്സവം | സെപ്റ്റംബർ |
| 7 | കുട്ടികളുടെ പത്രം | ഒക്ടോബർ |
| 8 | നാട്ടുവിശേഷം കുട്ടികളുടേത് | ഒക്ടോബർ |
| 9 | വരയുത്സവം | നവംബർ |
| 10 | സചിത്ര രചന | ഡിസംബർ |
| 11 | അരങ്ങ് | ജനുവരി |
| 12 | ശാസ്ത്രോത്സവം | ഫെബ്രുവരി |
| 13 | സമഗ്രവിലയിരുത്തലും പഠനപുരോഗതിയും | ജൂൺ മുതൽ |
| 14 | ക്ലാസ് പി.ടി.എ. ശാക്തീകരണം | ജൂൺ മുതൽ |
| 15 | പഠനോത്സവം | മാർച്ച് |

# പാട്ടരങ്ങ്

ഒന്നാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രധാനമായ സ്ഥാനമാണുള്ളത്. ആശയാധിഷ്ഠിതമായ ഭാഷ ആശയാവതരണ രീതിപ്രകാരമുള്ള ഭാഷാപഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ്. കുട്ടികളിലെ ഭാഷാബോധ വികാസനത്തിനും പാഠ്യപദ്ധതി ഊന്നൽ നൽകുന്നു. കുട്ടികളിൽ പഠനതാൽപര്യം വളർത്താനും പഠനം ആസ്വാദ്യമാക്കുന്നതിനും സഹായകമാണ് പാട്ടുകൾ. വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുത്തുന്നതിനും അവ ചെറുസദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം നൽകുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനമാണ്.

## ലക്ഷ്യങ്ങൾ

പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം ഒന്നാം ക്ലാസിലെ പാട്ടുമായി ബന്ധപ്പെട്ട പഠനലക്ഷ്യങ്ങൾ ഭാഷാവികാസ മേഖലയിലും സർഗാത്മക സൗന്ദര്യാത്മക വികാസമേഖലയിലും ഉണ്ട്. അവ നേടുക എന്നതാണ് പാട്ടരങ്ങിന്റെ പ്രധാന ലക്ഷ്യം. പഠനലക്ഷ്യങ്ങൾ ചുവടെ നൽകുന്നു.

## സർഗാത്മക സൗന്ദര്യാത്മക വികാസം (കലാവിദ്യാഭ്യാ

1. പാട്ടരങ്ങുകളിൽ താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ ആകർഷകമായി പാട്ടുകൾ അവതരിപ്പിക്കുക.
2. ചെറു സദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ, നാടകഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും, കൂട്ടായി രൂപപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു.
3. ചൊല്ലിക്കേൾക്കുന്ന പാട്ടുകൾക്ക് ഇണങ്ങുന്നതും താളവും പാലിച്ചുകൊണ്ട് പ്രതികരിക്കുന്നു.

4. സംഘഗാനം പാട്ടുകളുടെ താളത്തിനനുസരിച്ച് ഒന്നിച്ചും കൂട്ടായും കൈകൾ കൊട്ടിയും ചുവടുകൾ വെക്കുകയും ശരീരം ചലിപ്പിക്കുകയും ചെയ്യുന്നു.

5. താളവൈവിധ്യം ഉള്ള പാട്ടുകൾ ഒന്നിച്ചും കൂട്ടമായും ചൊല്ലുന്നു.

6. പാടി പഠിച്ച പാട്ടുകൾ കൂട്ടുകാർക്ക് ഏറ്റുചൊല്ലാവുന്ന തരത്തിൽ താളവും ഈണവും പാലിച്ചുകൊണ്ട് പാടിക്കൊടുക്കുന്നു.

7. പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും സ്വതന്ത്രമായി ചൊല്ലുന്നു.

8. സന്ദർഭം ആവശ്യപ്പെടുന്ന തരത്തിൽ താളത്തോ[ടെ] പൊരുത്തപ്പെടുന്ന വിധത്തിൽ പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത് പാടാൻ കഴിവ് നേടുന്നു.

## ഭാഷാവികസനം

1. ബാലകവിതകളും കുട്ടിപ്പാട്ടുകളും കേട്ടും വായിച്ചും ആസ്വദിക്കുന്നതിനുള്ള കഴിവ് നേടുന്നു.
2. ലളിതമായ കവിതകളും പാട്ടുകളും ആസ്വാദ്യതയോ[ടെ] ചൊല്ലി അവതരിപ്പിക്കുന്നു.
3. വായ്ത്താരികൾ, നാടൻ പാട്ടുകൾ എന്നിവ ഒന്നിച്ചും സംഘമായും ചൊല്ലാനും വായ്ത്താരികൾക്ക് താളത്തി[നനു]സരിച്ച് ചുവട് വയ്ക്കാനും ചലിക്കാനുമുള്ള കഴിവ് നേടു[ന്നു].

## പാട്ടരങ്ങിന്റെ ഉള്ളടക്കം

ഓരോ ടേമിലേയും പാഠങ്ങളുമായി ബന്ധപ്പെട്ട പാട്ടുകളാണ് മുഖ്യമായി പാട്ടരങ്ങിലേക്ക് പരിഗണിക്കുക. ഒന്നാം ടേമിലെ പാട്ടുകൾ വിഭാഗം തിരിച്ച് ചുവടെ നൽകുന്നു.

## അഭിനയ സാധ്യതയുള്ള പാട്ടുകൾ

1. പാട പാട പാട പാട
2. അഞ്ചിതളുള്ളോ അഞ്ചിതൾ.
3. പട്ടം പട്ടം പട്ടം പട്ടം.
4. തനാരം തനാരം തക (പിൽവപ്പാട്ട്)

## വായ്ത്താരിയുള്ള പാട്ടുകൾ

1. പട പട പട പട
2. അമ്പിളിമല്ലോ? അമ്പിളി
3. പട്ടം പട്ടം പട്ടം പട്ടം
4. താനാരം, താനാരോ തക (വിൽപ്പാട്ട്)

## അഭിനയ സാധ്യതയുള്ള പാട്ടുകൾ

1. ചിറകടിച്ച് ചിറകടിച്ച് വരികയാണ് പറവകൾ.
2. ഓലാടകരാം കിളികളാരിവർ
3. പാടിവിളിച്ചാൽ പാറിവരും.

## ചോദ്യോത്തര പാട്ടുകൾ

1. കാറേ കാറേ നീയെങ്ങോട്ടാണിന്ന്
2. അപ്പം വേണോ ചുടപ്പം?
3. വെളുവെളുത്തൊരു പാലപ്പം.

## പൂരിപ്പിച്ച് പാടാവുന്ന പാട്ടുകൾ

1. കാക്കയ്ക്കെന്തൊരു കുപ്പായം കറുത്ത കുപ്പായം.
2. കാറേ കാറേ നീയെങ്ങോട്ടാണിന്ന്
3. അമ്പിളി അമ്പിളി.
4. വെളുവെളുത്തൊരു പാലപ്പം.
5. അപ്പം വേണോ ചുടപ്പം?.
6. കാക്കി പൂച്ച പറിച്ചാൽ പോരാ

## നിർമ്മാണവുമായി ബന്ധപ്പെട്ട പാട്ടുകൾ

. ചുവന്ന പേപ്പർ നാവായി വെട്ടി.

ശാസ്ത്രാവബോധവുമായി ബന്ധപ്പെട്ടവ.

1. മഞ്ഞ വാരി പൂശി നിൽക്കുമ്പോ
2. വെയിലത്ത് കൊണ്ടുവരും കൊട്ടാരം.
3. തുന്നാരൻ കിളി തുന്നിക്കൂട്ടിയ
4. ആവിയിൽ വേവും ആഹാരങ്ങൾ ഇലയട, പുട്ട്, കൊഴുക്കട്ട
5. തൊട്ടുകൂട്ടാം തൊട്ടാവാടി

ഈ ആറ് വിഭാഗത്തിൽപ്പെട്ട പാട്ടുകളാണ് ...
രങ്ങിൽ ഉൾപ്പെടുത്തുക.

## പാഠരങ്ങിന്റെ നിർവ്വഹണ കാലം

- ഒന്ന്, രണ്ട് യൂണിറ്റുകൾ പൂർത്തിയായതിനു ശേഷമാണ് ആദ്യത്തെ പാഠരങ്ങ് ക്ലാസ് പി.ടി.എ രൂപീക... സംഘടിപ്പിക്കുക. (ജൂലൈ)
- ഒന്നാം ടേമിന്റെ അവസാനം പാട്ടുപുസ്തകം എന്ന ... ഓർമ്മയായി ബന്ധപ്പെട്ട പാട്ടുകളുടെ അവതരണം ...
- രണ്ടാം ടേമിന്റെ അവസാനവും മൂന്നാം ടേമിന്റെ അവസാ... പാഠരങ്ങുകൾ സംഘടിപ്പിക്കുന്നതാണ്.
- പഠനോത്സവത്തിൽ പാഠരങ്ങ് ഒരു ഇനമായിരിക്കും.

## സംയുക്ത ഡയറി

2023-24 അക്കാദമിക വർഷം കേരളത്തിലെ ഒന്നാം ക്ലാസിൽ പ്രയോഗിച്ച് വിജയം കണ്ട പരിപാടിയാണിത്. ബഹുഭൂരിപക്ഷം രക്ഷിതാക്കളും ഈ പരിപാടി തുടരണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒന്നാം ക്ലാസിലെ എല്ലാ കുട്ടിക... സ്വതന്ത്ര രചയിതാക്കളാക്കാൻ സംയുക്തഡയറിയെഴുത്ത് സഹായകമാണ്

ലക്ഷ്യങ്ങൾ

1. കുട്ടികളുടെ സ്വതന്ത്രരചനാശേഷി വികസിപ്പിക്കുക.
2. പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭങ്ങളി... നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക.
3. കുട്ടികളുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രസഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.
4. അക്ഷരാവതരണ രീതിയുടെ ഉയർന്ന ഘട്ടങ്ങളിൽ ഉന്നത രീതിയിൽ സംയുക്തഡയറിയെഴുത്തിനെ പ്രയോജ... പ്പെടുത്തുകയും തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുക.

## സംയുക്ത ഡയറിയെഴുത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ

1. ക്ലാസ് പി.ടി.എ യോഗം വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തൽ.
2. മുൻ വർഷത്തെ ഡയറികൾ പരിചയപ്പെടുത്തൽ
3. തയ്യാറാക്കിയ ഡയറി വായിക്കുവാൻ അവസരം ഒരുക്കൽ.
4. കുട്ടിയോടൊപ്പമിരുന്ന് സംയുക്തഡയറി എഴുതി പ്രക്രിയ മനസ്സിലാക്കൽ.

- സംയുക്തഡയറി എഴുതുന്നതിനായി ഓരോ കുട്ടിക്കും ചെറിയ ഒരു നോട്ടുബുക്ക് ഉറപ്പാക്കൽ.
- സംയുക്തഡയറിയുടെ പ്രക്രിയ സംബന്ധിച്ച് ചെറുകുറിപ്പ് എല്ലാ രക്ഷിതാക്കൾക്കും ലഭ്യമാക്കൽ
- കുറിപ്പിലെ ഉള്ളടക്കം.
- ഓരോ ദിവസവും രാത്രി സമയം കുട്ടികളോടൊപ്പമിരുന്ന് ആ ദിവസം അവർ കണ്ട, അനുഭവിച്ച കാര്യങ്ങൾ രക്ഷിതാവ് പറയിപ്പിക്കണം.
- അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നോ രണ്ടോ കാര്യങ്ങൾ തിരഞ്ഞെടുക്കണം. (രാവിലെ എണീറ്റു, കുളിച്ചു, എന്നിങ്ങനെ ദിനചര്യകൾ എഴുതുന്ന രീതിയും ക്ലാസിൽ നടന്ന കാര്യങ്ങൾ മാത്രം എന്നും എഴുതുന്ന രീതിയും നിരുത്സാഹപ്പെടുത്തണം)
- തിരഞ്ഞെടുത്തവ സംബന്ധിച്ച് വിശദാംശങ്ങൾ പറയിക്കണം. എഴുതാൻ കഴിയുന്ന ആശയങ്ങൾ ചർച്ചയിലൂടെ രൂപപ്പെടുത്തണം. അത് വാക്യങ്ങളാക്കി എഴുതുന്നതിന് വേണ്ടി ഭേദഗതികൾ പറഞ്ഞുകൊടുക്കാം. കുട്ടിയുടെ സ്വന്തം പ്രധാനമാണ്.
- കുറിയ വാക്യങ്ങളാണ് നല്ലത്.
- ആദ്യം പേജിന്റെ പകുതിഭാഗത്ത് എഴുതുന്ന കാര്യവുമായി ബന്ധപ്പെട്ട ചിത്രം കുട്ടി കഴിയുന്ന രീതിയിൽ വരയ്ക്കണം. നിറം നൽകണം.
- ഓരോ അക്ഷരവും എഴുതുന്നതിനുള്ള പ്രോത്സാഹനമാണ് നൽകേണ്ടത്. ഓരോ വാക്കും എഴുതുമ്പോൾ അതിൽ കുട്ടിക്ക് അറിയുന്ന അക്ഷരങ്ങൾ അവർ പെൻസിൽ

കൊണ്ട് എടുക്കണം.

·ബാക്കി ഭാഗം രക്ഷിതാക്കൾ കൂടെ കൊണ്ടും എടുക്ക ഉർത്തിപ്പിക്കണം. നിരന്തരം അന്തരം കൂട്ടിക്കൊണ്ടും സംയുക്ത ഡയറിയെഴുത്തിൽ പങ്കാളികളാകണം.

·തുടക്കത്തിൽ പേനകൊണ്ടുള്ള എഴുത്ത് ഒഴിവാക്കും. ഇതിനെ പെൻസിൽ കൊണ്ടുള്ള എഴുത്ത് ആക്കി വരാം.

·പരിചിതമല്ലാത്ത അക്ഷരങ്ങൾ ചേർന്ന വാക്കുകൾ വരാം. അത് ഒഴിവാക്കേണ്ടതില്ല. രക്ഷിതാവ് ആ അക്ഷരങ്ങൾ എഴുതിക്കൊടുത്താൽ മതി.

·ചെറുകുറിപ്പ് മതി. ഒന്നോ നാലോ വാക്യങ്ങൾ.

·സംയുക്തഡയറിയെഴുത്ത് ശീലമാക്കിയാൽ കുട്ടികൾ തനിക്കുണ്ടാകുന്ന അനുഭവങ്ങൾ എഴുതാൻ താൽപര്യപ്പെടും.

·എഴുതിയെടുത്താൽ സംയുക്തമായി ഉറക്കെ വായന നടത്തണം.

ഡയറി പങ്കിടൽ

- എല്ലാ ദിവസവും ടീച്ചർ ഡയറി പരിശോധിക്കും.
- സ്റ്റാറും ശരിയും സമ്മതത്തോടെയുള്ള തിരുത്തലും നടത്തും.
- തിരുത്തൽ പ്രക്രിയ തെളിവു നൽകിയാകും. പരിചയിച്ച അക്ഷരങ്ങൾ എഴുതിയതിലെ പ്രശ്നങ്ങളാണ് പരിഹരിക്കേണ്ടത്.
- ക്ലാസിൽ കുട്ടികളുടെ ഡയറി അധ്യാപിക വായിച്ചുകേൾപ്പിക്കുന്നത് രചനാരീതി സംബന്ധിച്ച് മറ്റുള്ളവർക്ക് ധാരണ ലഭിക്കുന്നതിന് സഹായകമാകും. എഴുതിയ കുട്ടിക്ക് അംഗീകാരവും.
- ഡയറിയിൽ ഗുണാത്മക കുറിപ്പുകൾ എഴുതൽ.

- ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പിൽ ഡയറിയെക്കുറിച്ചുള്ള ഗുണാത്മക കുറിപ്പുകൾ പങ്കിടൽ. ഇങ്ങനെ പങ്കിടുമ്പോൾ വിഷയവൈവിധ്യവും ആവിഷ്കാര വൈവിധ്യവും ഓരോ ദിവസവും പരിഗണിക്കും.
- ഭാഷയിലെ പ്രത്യേകതകൾ
- കുട്ടി ലോകത്തെ നോക്കിക്കാണുന്ന രീതികളിലെ വൈവിധ്യവും കുട്ടിത്തവും
- പ്രതിഫലിക്കുന്ന നിരീക്ഷണപാടവും.
- കൗതുക കാര്യങ്ങൾ.
- സ്നേഹബന്ധങ്ങളുടെ ആവിഷ്കാരം.
- യഥാനുഭവ വിശേഷങ്ങൾ.
- വിവിധ തീമുകളുമായി ബന്ധപ്പെട്ട രചനകൾ.

- ഡയറി എഴുതുന്നതിന് വീട്ടിൽ പിന്തുണ്ണാത്തരിക്കം ആവരുടെ കുട്ടികൾക്കായി വിദ്യാലയത്തിലെ മുതിർന്ന കുട്ടികൾ, സഹാധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി ആഴ്ചയിൽ ഒരു ഡയറി എങ്കിലും ഉറപ്പാക്കൽ.
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് അധ്യാപിക സഹായത്തിന്റെ അളവ് കൂട്ടുകയോ ആവശ്യമെങ്കിൽ എഴുതികൊടുക്കുകയോ ചെയ്യും.
- ഗോത്രവർഗ വിഭാഗം കുട്ടികൾക്ക് മെന്റർ ടീച്ചർമാരുടെ സഹായം സംയുക്തഡയറിയെഴുത്തിൽ ഉറപ്പാക്കും. ഗോത്രഭാഷയിൽ മലയാള ലിപി ഉപയോഗിച്ച് എഴുതുന്നതിന് അവരെ പ്രോത്സാഹിപ്പിക്കും.
- സംയുക്ത ഡയറിയിലെ പുരോഗതി അധ്യാപിക വിലയിരുത്തുന്നതാണ്.

സംയുക്തഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോ ആയി സൂക്ഷിക്കണം.

ഡയറിയുടെ പ്രകാശനം.

2025 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവില് ഒന്നാം ക്ലാസുകാർക്കെല്ലാം പ്രാതിനിധ്യം വരത്തക്ക വിധം തെരഞ്ഞെടുത്ത ഡയറികൾ അച്ചടിച്ച് പ്രസിദ്ധീകരിക്കും.

- ക്ലാസ് പി.ടി.എ യിൽ തീരുമാനിക്കൽ
- ഡയറി പുസ്തകരൂപത്തിൽ ആക്കുന്നതിന് സാമ്പത്തിക വൈദഗ്ധ്യം ഉള്ളവരുടെ സഹായം തേടൽ
- ഡയറിയുടെ ഉള്ളടക്കം തീരുമാനിക്കൽ.
- ഡയറിപ്രകാശനത്തിയതിയും രീതിയും മുന്നൊരുക്ക
- ഡയറി പ്രകാശനം.

വായനോത്സവം മുതൽ മലയാളമധുരം വരെ

വായനോത്സവത്തിൽ തുടങ്ങി ബാലസാഹിത്യകൃതികൾ സ്വതന്ത്രമായി വായിക്കുന്നതിൽ അവസാനിക്കുന്ന വായനാപ്രവർത്തനങ്ങളാണ് ഈ പരിപാടിയിൽ ഉള്ളത്. കുട്ടികളെ സ്വതന്ത്രവായനക്കാരാക്കി മാറ്റുക എന്ന ലക്ഷ്യമാക്കുന്നത്.

ലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തകശേഖരം ഉണ്ടാക്കുക.
2. രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക.
3. എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക.
4. വായിച്ചത് ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചികാവതരണശേഷി വികസിപ്പിക്കുക.

# വരയുത്സവം

കുട്ടികൾക്ക് നൂറുഭാഷകളുണ്ട് ആശയപ്രകാശനത്തിന് എന്നാണ് വിദ്യാഭ്യാസ രംഗത്തുള്ളവർ പറയുന്നത്. അവർ വരച്ചും നിർമ്മിച്ചും എഴുതിയും പാടിയും അഭിനയിച്ചുമെല്ലാം ആശയപ്രകാശനം നടത്തുന്നു. കലാവിദ്യാഭ്യാസം കുട്ടിയുടെ ഭാഷാവികാസത്തെ മാത്രമല്ല സർഗാത്മകസൗന്ദര്യവികാസത്തെയും പ്രോത്സാഹിപ്പിക്കുന്നു. ഒന്നാം ക്ലാസിൽ കുട്ടികൾ നേടിയ ചിത്രരചനയിലെ ശേഷികൾ അവതരിപ്പിക്കാനുള്ള വേദിയാണ് വരയുത്സവം

## ലക്ഷ്യങ്ങൾ

1. ജീവിതവുമായി ബന്ധപ്പെട്ട് സ്വയം രൂപപ്പെടുത്തിയതോ നിർദേശിക്കുന്നതോ ആയ സന്ദർഭങ്ങൾ എന്നിവ സ്വതന്ത്രമായി ചിത്രീകരിക്കുക
2. കൈപ്പത്തി, വിരലുകൾ മറ്റ് വസ്തുക്കൾ എന്നിവ നിറങ്ങളിൽ മുക്കി ചിത്രങ്ങൾ രൂപപ്പെടുത്തൽ
3. വിവിധ പ്രതലങ്ങളിൽ വിതറിയ നിറങ്ങൾ ഊതിയും കൈവിരൽ കൊണ്ടും മറ്റ് സാമഗ്രികൾ ഉപയോഗിച്ചും വിന്യസിച്ച് ചിത്രങ്ങൾ വരയ്ക്കുക.
4. കേട്ടതോ, വായിച്ചതോ ആയ കഥകളിലെ കഥാപാത്രങ്ങളുടെ പ്രത്യേകതകൾ കണ്ടെത്തി ചിത്രീകരിക്കുക
5. ഇല, തുണി, വർണ്ണക്കടലാസ്, മണൽ, പൊടി മറ്റ് വസ്തുക്കൾ എന്നിവ ഉപയോഗിച്ച് ജീവിതവുമായി ബന്ധപ്പെടുത്തി കൊളാഷ് നിർമ്മിക്കുക
6. മണൽ, മണ്ണ്, പൊടി എന്നിവ ഉപയോഗിച്ച്

ചിത്രങ്ങൾ, പാറ്റേണുകൾ, രൂപങ്ങൾ എന്നിവ വരയ്ക്കുക

7. ഇലകൾ, നൂൽ, പച്ചക്കറി, പഞ്ഞി എന്നിവ ഉപയോഗിച്ച് ചിത്രങ്ങൾ നിർമ്മിക്കുന്നതിനും വിവിധവസ്തുക്കൾ നിറങ്ങളിൽ മുക്കി പ്രതലങ്ങളിൽ പതിപ്പിച്ച് ചി... നിർമ്മിക്കുന്നതിനും കഴിയുക.

പ്രവർത്തനങ്ങൾ

* കുട്ടികളുമായി ആലോചിച്ച് വരയുത്സവത്തിന്റെ ... നിശ്ചയിക്കാം
* ഇനങ്ങൾ ലിസ്റ്റ് ചെയ്യാം
* ഓരോ കുട്ടിയും മൂന്ന് ഇനങ്ങളിലെങ്കിലും ആവി... നടത്തുന്ന വിധത്തിൽ ചുമതല ഏറ്റെടുക്കണം
* Class PTA, വാട്സ്ആപ്പ് ഗ്രൂപ്പിൽ ആശയം പങ്കിടണം
* വരയുത്സവത്തിൽ കുട്ടികളെ സഹായിക്കാനെത്തുന്ന രക്ഷിതാക്കളുടെ ലിസ്റ്റ് തയ്യാറാക്കണം
* സമയക്രമീകരണം തീരുമാനിക്കണം
* എല്ലാവരും ചെയ്യേണ്ട ഇനങ്ങൾ ആദ്യം (കൊളാഷ്, പോ... വിരൽചിത്രങ്ങൾ പോലെയുള്ളവ)
* ഒറ്റക്കായി ചെയ്യേണ്ടത് തുടർന്ന്
* പൂർണ്ണദിവസ പരിപാടിയാണ്
* ഉൽപ്പന്നങ്ങളുടെ പ്രദർശനവും, വിലയിരുത്തലു...

# സചിത്രകഥാരചന

ഓരോ ഉത്സവത്തിന്റെ ഭാഗമായി കുട്ടികൾ കഥകൾ ഉണ്ടാക്കുകയും ചിത്രങ്ങൾ വരയ്ക്കുകയും ചെയ്തിട്ടുണ്ട്. സചിത്രപ്രവർത്തന പുസ്തകം ഉപയോഗിച്ചപ്പോൾ ചിത്രങ്ങൾക്ക് സംഭാഷണവും വിവരണവും എഴുതി ചിത്രകഥാരൂപത്തിലാക്കിയിട്ടുണ്ട്. ഒന്നാംക്ലാസിലെ കുട്ടികളുടെ കൺമഷിയും തേടും എന്ന ചിത്രകഥ കുട്ടികൾ പരിചയിച്ചിട്ടുണ്ട്. ഈ അനുഭവങ്ങൾ പ്രയോജനപ്പെടുത്തിയാണ് ചിത്രകഥകൾ തയ്യാറാക്കുന്ന പ്രവർത്തനം സംഘടിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

1. കേട്ടതോ വായിച്ചതോ ആയ കഥകൾ ചിത്രകഥാരൂപത്തിലാക്കുക
2. സ്വന്തം സർഗാത്മകരചനകൾ ചിത്രകഥാരൂപത്തിലാക്കുക
3. ചിത്രസൂചനകളെ അടിസ്ഥാനമാക്കി ചിത്രകഥകൾ തയ്യാറാക്കുക
4. കുട്ടികൾ തയ്യാറാക്കുന്ന ചിത്രകഥകൾ പ്രദർശിപ്പിക്കുക

## പ്രവർത്തനം

* മുൻ അനുഭവം സൃഷ്ടിക്കൽ

→ ഒരു കഥ പരിചയപ്പെടുത്തുന്നു. ചിത്രകഥയും കഥയും തമ്മിലുള്ള താരതമ്യം ചെയ്ത് സവിശേഷതകൾ കണ്ടെത്തുന്നു

→ ഏതെങ്കിലും നാം ഇപ്പോൾ പരിചയപ്പെട്ട കഥയെ ചിത്രകഥയാക്കുകയാണെങ്കിൽ ഏതൊക്കെ സന്ദർഭങ്ങൾക്ക് പടം വരക്കേണ്ടിവരും

→ സംഭാഷണരൂപത്തിൽ എഴുതേണ്ടതും വിവരണ

രൂപത്തിൽ ഉൾപ്പെടേണ്ടതും ഉള്ളതെല്ലാം കാര്യങ്ങ

ഉത്തരക്കടലാസുകൾക്ക് ഉണ്ണും ധാരണയാകുന്നു

→ വ്യക്തിഗതമായി പ്രതികരണത്തിനാക്കുന്നു. (ആരോഗ്യ

ഒരു പ്രശ്നം വരുത്തുകയില്ല)

→ തയ്യാറാക്കിയ പ്രതികരണ പേപ്പറുകൾ ഉണ്ടെങ്കിൽ സ്കൂൾ

ചെയ്ത് ഓരോരുത്തരുടെയും പ്രതികരണ പുസ്തകം പ്രദ

ർശിപ്പിക്കുന്നു

→ പ്രസ്താവനവിലയിരുത്തൽ

* തുടർന്ന് പുതിയ ഒരു പ്രവർത്തനക പ്രതികരണത്തെ പി

കയ്യാക്കുന്നതിന് പ്രതലമൊരുക്കുന്നു.

* ഇല്ലാത്തക്കൊള്ളക്കളിലും പ്രതികരണമാകുന്നതിന്

ഉള്ള വിഭവങ്ങൾ നൽകുന്നു.

→ കവർ ചിത്രം വേണം, കവർ പേജ് സൗന്ദര്യം രൂ

കൽപനയുള്ളതാവണം

→ പിൻകവറും വേണം. ബാലസാഹിത്യകൃതികൾ പരി

ശോധിച്ച് തിരിച്ചറിയാനവസരം

→ പേജ് നമ്പർ വേണം

* പ്രതികരണങ്ങളുടെ പ്രസിദ്ധീകരണം.

* Class PTA യുടെ യോഗത്തിൽ വിളിച്ച് മികച്ച പ്രതികരണങ്ങൾ തയ്യാറാ

ക്കും

* ബാലപ്രസിദ്ധീകരണങ്ങൾക്ക് അയച്ചുകൊടുക്കും

* പ്രദർശനത്തോട് പ്രകാശനം നടത്തും.

## ശാസ്ത്രോത്സവം

പരിസര പഠനത്തിൽ വിവിധ തീമുകളുമായി ബന്ധപ്പെട്ട് കുട്ടികൾ പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്.

### ലക്ഷ്യങ്ങൾ

* പാഠസന്ദർഭത്തിനു പുറമെ ലളിതമായ പരീക്ഷണങ്ങൾ ചെയ്തു നോക്കുക
* പഠന തീമുകളുമായും ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും വിശദീകരിക്കാനും അവസരം ഒരുക്കുക.

### പ്രവർത്തനങ്ങൾ

* കുട്ടികളുമായി ചർച്ച ചെയ്ത് ശാസ്ത്രോത്സവത്തിലെ ഇനങ്ങൾ പൊതുവായി നിശ്ചയിക്കുന്നു.
* കുട്ടികളെ തീം അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുന്നു. ഒരു ഗ്രൂപ്പിന് ഒന്നിലധികം തീമുകൾ
* ഓരോ തീമുമായും ബന്ധപ്പെട്ടവരാവുന്ന
→ പരീക്ഷണങ്ങൾ
→ പ്രദർശന സാധ്യതകൾ
→ ശാസ്ത്രാവബോധത്തിന്റെ അടിസ്ഥാന സാധ്യതകൾ
→ ശാസ്ത്ര ഉപകരണങ്ങളുടെ പാട്ടുകളും, കഥകളും
* വിവിധ ഗ്രൂപ്പുകൾക്ക് അവതരണത്തിനുള്ള സമയം, ക്രമം എന്നിവ നിശ്ചയിക്കുന്നു.
* തയ്യാറെടുപ്പിന് മൂന്നോ, നാലോ ദിവസം
* രക്ഷിതാക്കളെയും തീം അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കി അവർ അതേ തീം എടുത്ത കുട്ടികൾക്ക് സഹായമാകുന്നു

* ശാസ്ത്രോത്സവം ഉദ്ഘാടനം

* ശാസ്ത്രോത്സവ പ്രവർത്തനങ്ങൾ

* അവതരണങ്ങൾ വിലയിരുത്തുന്നതിന് നാലാം ക്ലാസിലെ കുട്ടികളെ ചുമതലപ്പെടുത്താം. രക്ഷിതാക്കളുടെ വിലയിരുത്തൽ സെഷനും ഉണ്ടാകണം.

## അരങ്ങ്

ലക്ഷ്യങ്ങൾ

1. വിവിധ വസ്തുക്കൾ, അവസ്ഥകൾ, ജീവജാലങ്ങൾ, സന്ദർഭങ്ങൾ എന്നിവ തിയേറ്റർ ഗെയിമുകളിലൂടെ കൂട്ടായി നിർമ്മിച്ച് സദസ്സിനു മുമ്പാകെ ആവിഷ്കരിക്കുക
2. കേട്ടതോ, വായിച്ചതോ ആയ കഥകളിലെ കഥാപാത്രങ്ങളിലൂടെയുള്ള സംഭാഷണങ്ങൾ സഹപാഠികളുമായി ചേർന്ന് റോൾ പ്ലേയിലൂടെ സദസ്സിനു മുമ്പാകെ അവതരിപ്പിക്കുക
3. തീമിനെ അടിസ്ഥാനമാക്കി സംഘം ചേർന്ന് പറഞ്ഞുകളിയിലൂടെ ആവിഷ്കരിക്കുക.
4. പക്ഷികൾ, മൃഗങ്ങൾ, വാഹനങ്ങൾ, കാറ്റ്, മഴ തുടങ്ങിയവയുടെ ശബ്ദചലനങ്ങൾ അനുകരിക്കുക
5. പൊതുസദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ അഭിനയഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി രൂപപ്പെടുത്തിയ ചെറുനാടകങ്ങൾ പ്രകടനങ്ങളായി അവതരിപ്പിക്കുക
6. തീമുകളുമായി ബന്ധപ്പെട്ട സംഭവങ്ങൾ സംഘം ചേർന്നും ഒറ്റയ്ക്കും മൈമിലൂടെ അവതരിപ്പിക്കുക.

7. ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് കഥാപാത്രങ്ങളുടെ വേഷം, പ്രോപ്പർട്ടികൾ, രംഗസജ്ജീകരണം എന്നിവ തയ്യാറാക്കി രംഗാവിഷ്കാരം നടത്തുക.

8. കഥാപാത്രങ്ങളുടെ ശബ്ദം, ചലനം, ഭാവം എന്നിവ ഉൾക്കൊണ്ട് മൂകാഭിനയം നടത്തുക.

9. കഥാവതരണവേളകളിൽ വിവിധ വസ്തുക്കൾ ഉപയോഗിച്ച് കഥാസന്ദർഭത്തിന് യോജിച്ച പശ്ചാത്തലശബ്ദം സ്വാഭാവികം ചേർന്ന് ഒരുക്കുക.

10. കഥ നടക്കുന്ന ഇടത്തേക്ക് അല്ലെങ്കിൽ പ്രദേശത്തേക്ക് അഭിനയത്തിലൂടെയും ചലനത്തിലൂടെയും ഒറ്റയ്ക്കും കൂട്ടായും സാങ്കൽപിക യാത്ര നടത്തുന്നു.

പ്രവർത്തനങ്ങൾ

→ നടത്തിയ പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യൽ
→ വിശദീകരിക്കൽ
→ തിയതി നിശ്ചയിക്കൽ

മികവ് ഇനങ്ങൾ

1. റോൾപ്ലേ, പാവക്കളി
2. മൈമിംഗ്, ശബ്ദചലനങ്ങൾ അനുകരിക്കൽ
3. കഥകളുടെയും, കവിതകളുടെയും രംഗാവിഷ്കാരം
4. മൂകാഭിനയം
5. അഭിനയഗാനങ്ങൾ
6. ശ്രോതാവ് അവതരണത്തിനുള്ള സമയക്രമം നിശ്ചയിക്കൽ
7. റിഹേഴ്സൽ
8. വിലയിരുത്താൻ നാലാം ക്ലാസിലെ കുട്ടികളെയും, രക്ഷിതാക്കളെയും ഉൾപ്പെടുത്തുന്നു.

## നിർമ്മാണശില്പശാല

പ്രവൃത്തിപരിചയവും ഭാഷയും ഉദ്ഗ്രഥിച്ചുള്ള പ്രവർത്തനമാണിത്. മൂന്നാം യൂണിറ്റായ അർപ്പോ ഇർറോ എന്ന പാഠത്തോടനുബന്ധിച്ചാണ് നിർമ്മാണ ശില്പശാല നടത്തേണ്ടത്.

ലക്ഷ്യങ്ങൾ

1. പരിസ്ഥിതി സൗഹൃദമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക.
2. പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങളായി മാറ്റുക.
3. കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക.

നിർമ്മാണ ശില്പശാല സംഘാടനം.

1. ക്ലാസ് പി.ടി.എ യിൽ കളിപ്പാട്ട നിർമ്മാണശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തൽ.
2. നിർമ്മിക്കേണ്ട ഇനങ്ങൾ തിരുമാനിക്കൽ.
3. നിർമ്മാണത്തിൽ വൈദഗ്ധ്യമുള്ളവരെ കണ്ടെത്തൽ.
4. നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ സമാഹരണ ചുമതലപ്പെടുത്തൽ.
5. രക്ഷിതാക്കളുടെ പങ്കാളിത്തം നിർബന്ധം.

- തുടർന്ന് ഓരോ പേജായി എടുത്ത് ചിത്രങ്ങൾ ചേർത്ത്. ഓരോ വാക്യത്തിനും ചുവട്ടിലൂടെ വിരലോടിച്ച് രക്ഷിതാവ് വായിക്കണം. മുഖ്യകഥാപാത്രങ്ങളുടെ പേരുകൾ വരുമ്പോൾ അവ ശ്രദ്ധിക്കാൻ ശ്രമിക്കണം. ആ പേരുകൾ പിന്നീട് വരുമ്പോൾ തന്നെത്താനായി വെല്ലുവിളി ഉയർത്താം. എങ്കിലും അത് നിർബന്ധിച്ച് ചെയ്യിക്കലോ വായനാപരിശീലന ആവുകയോ ചെയ്യരുത്.
- രക്ഷിതാവ് ഭാവാത്മകമായിട്ടാണ് വായിക്കേണ്ടത്. കുട്ടി ആവശ്യപ്പെടുന്ന പക്ഷം വീണ്ടും ആ പേജുകൾ വായിക്കേണ്ടി വരാം.

സംയുക്ത വായനയ്ക്ക് ശേഷം നടക്കേണ്ടത്.

- വായന കഴിഞ്ഞാൽ വായിച്ചുകേട്ട കഥ ആശയച്ചോർച്ച ഇല്ലാതെ കുട്ടിയെക്കൊണ്ട് പറയിക്കണം. ആദ്യം പറയുമ്പോൾ ഇടപെട്ട് വിട്ടുപോയി എന്ന് പറഞ്ഞ് തിരുത്തുന്നതിനു പകരം പറച്ചിൽ പൂർത്തിയായി കഴിഞ്ഞ് എന്തെങ്കിലും വിട്ടുപോയോ എന്ന് ചോദിക്കുകയും ആവശ്യമെങ്കിൽ ബന്ധപ്പെട്ട പേജ് ചൂണ്ടിക്കാട്ടി ഓർമ്മപ്പെടുത്തുകയും ചെയ്യാം. ആശയക്രമീകരണത്തിലും മാറ്റം വരാം. ഇവിടെ ഭാഷണശേഷിയാണ് വളരുന്നത്.

മുന്നൊരുക്കം.

ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ.

- വായനോത്സവം നടത്തുന്നതിനായി ക്ലാസ് ലൈബ്രറി ക്രമീകരിക്കേണ്ടതുണ്ട്. ഒന്നാം ക്ലാസിലെ കുട്ടികൾക്കിണങ്ങിയ (ചിത്രങ്ങൾ ആധിക്യമുള്ളതും എഴുത്ത് കുറവുള്ളതും) പുസ്തകങ്ങളാണ് വേണ്ടത്. അധികം പേജുകൾ പാടില്ല. ആകർഷകമായ ലേ ഔട്ടും ഉള്ളടക്കവും വേണം. ചിത്രങ്ങൾ ചിത്ര വായനയ്ക്ക് സഹായകമാകണം. ഓരോ പുസ്തകത്തിന്റെ ഒന്നിലധികം കോപ്പികൾ വേണം.

ക്ലാസ് പി.ടി.എ.യിൽ രക്ഷിതാവും കുട്ടിയും ചേർന്നുള്ള വായന പരിചയപ്പെടൽ (സിമുലേഷൻ)

- കഥ ഊഹിക്കാൻ കുട്ടിക്ക് അവസരം ഒരുക്കൽ. രക്ഷിതാവിന്റെയും കുട്ടിയുടെയും മുന്നിൽ പുസ്തകം വെക്കുകയും പുസ്തകത്തിലെ ഏതെങ്കിലും ചിത്രസന്ദർഭത്തെ അടിസ്ഥാനമാക്കി ഇനി എന്തായിരിക്കും സംഭവിച്ചിരിക്കുക. അല്ലെങ്കിൽ മുമ്പെന്തായിരിക്കും സംഭവിച്ചത്? എന്തായിരിക്കും കഥയുടെ ഉള്ളടക്കം? എന്നിങ്ങനെ ചോദിച്ച് കുട്ടിയെക്കൊണ്ട് ഊഹിപ്പിക്കല് നടത്തണം.

5. ആശയഗ്രഹണവായന, ആസ്വാദ്യവായന എന്നിവ പ്രോത്സാഹിപ്പിക്കുക.

6. കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക.

വായനോത്സവം.

പുസ്തകങ്ങൾ വായിച്ചു കേൾക്കുന്നതിലൂടെ കുട്ടിയുടെ പദസമ്പത്ത് വികസിക്കുന്നു. വ്യത്യസ്തമായ രീതിയിലുള്ള സംഭാഷണങ്ങളും വിവരണങ്ങളും പരിചയപ്പെടുന്നു. കേട്ട് ആശയം ഗ്രഹിക്കുന്നതിനുള്ള കഴിവ് വികസിക്കുന്നു. ആശയങ്ങൾ, സംഭവങ്ങൾ എന്നിവ ക്രമമായി ഓർത്തു പറയുന്നതിനുള്ള കഴിവ് നേടുന്നു. ചിത്രസൂചനകളിൽ നിന്നും കഥയുടെ ഉള്ളടക്കം, തുടർച്ച എന്നിവ സംബന്ധിച്ച് പ്രവചനം നടത്താനാകുന്നു. ഗ്രാഫിക് റീഡിംഗ് നടക്കുന്നു. പുസ്തകങ്ങളെ ഇഷ്ടപ്പെടുന്നു. വായനയുടെ സംസ്കാരം ചെറുപ്രായം മുതൽ വളർത്താനാകുന്നു. കുട്ടിയുടെ ഭാഷ, ആസ്വാദന വികാസത്തിൽ രക്ഷിതാക്കളെയും പങ്കാളികളാക്കുന്നു.

# റീഡേഴ്സ് തിയറ്റർ

പാഠപുസ്തകത്തിലുള്ളതും പാഠപുസ്തകത്തിന് പുറത്തുള്ളതുമായ രചനകൾ ഭാവാത്മകമായി വായിക്കുന്നതിനുള്ള അവസരമാണ് റീഡേഴ്സ് തിയറ്റർ ഒരുക്കുന്നത്. സഹവർത്തിത വായനയാണ്. ചുമതലകൾ വിഭജിച്ചെടുത്തും പരസ്പരം സഹായിച്ചും ടീം എന്ന നിലയിൽ പ്രവർത്തിക്കുന്നു.

## ലക്ഷ്യങ്ങൾ

* ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.
* വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താല്പര്യം കൂട്ടുന്നതിന്.

## പ്രവർത്തനങ്ങൾ

* ക്ലാസ് പി.ടി.എയിൽ ചർച്ച ചെയ്യൽ
* റീഡേഴ്സ് തിയറ്റർ ഭാഷോത്സവത്തിന്റെ ഭാഗമായി ഉദ്ഘാടനം ചെയ്യാം.
* ആദ്യം ഒരു കഥ പല ഗ്രൂപ്പുകൾ അവതരിപ്പിക്കുന്ന രീതി ( സ്ക്രിപ്റ്റ് പങ്കാളിത്ത രചനയിലൂടെ രൂപപ്പെടുത്തും)

* കഥാപാത്രങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ കൂടുതലുള്ള കഥകൾ തെരഞ്ഞെടുക്കൽ.
* കഥാപാത്രങ്ങളുടെ എണ്ണം കണക്കിലെടുത്ത് വായനക്കൂട്ടത്തെ തീരുമാനിക്കൽ.
* ഓരോരുത്തരും കഥാപാത്രങ്ങളെ തെരഞ്ഞെടുക്കൽ.
* കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കൽ.
* ആരാണ് അവതാരക(ൻ) എന്നു തീരുമാനിക്കൽ.
* വായിക്കേണ്ട ക്രമം തീരുമാനിക്കൽ.
* അവതാരക(ൻ) പറയേണ്ട കാര്യങ്ങൾ തീരുമാനിക്കൽ
* റിഹേഴ്സൽ ചെയ്യൽ
* വേദിയിൽ അവതരണം
* റിക്കാർഡ് ചെയ്ത് അവരെകാണിച്ച് മെച്ചപ്പെടുത്തേണ്ടവ സംബന്ധിച്ച ധാരണരൂപീകരിക്കൽ.

## അവതരണ വേദികൾ

സ്കൂൾ അസംബ്ലി, സർഗവേള, ക്ലാസ് പി.ടി.എ, ഓൺലൈൻ വേദി, പഠനോത്സവം തുടങ്ങിയ പൊതു വേദികളും ക്ലാസ് വേദികളും അവതരണത്തിനായി പ്രയോജനപ്പെടുത്താം.

മൂന്നാം ടേമിലാണ് റീഡേഴ്സ് തിയറ്റർ ആരംഭിക്കുക.

# രചനോത്സവം

ആശയാവതരണ രീതി പ്രകാരമുള്ള ഭാഷാപഠനത്തിൽ കുട്ടികളുടെ ആശയപ്രകാശനത്തിന് അനുയോജ്യമായ രചനാപ്രവർത്തനങ്ങൾ ആവശ്യമാണ്. തുറന്ന പാഠങ്ങളും ചലനാത്മക ചിത്രങ്ങളും പ്രയോജനപ്പെടുത്തി കുട്ടികളുടെ ഭാവന ഉണർത്തി രചനയിലേക്ക് നയിക്കണം. രചനകളിലെ വൈവിധ്യം മറ്റുകുട്ടികളുടെ സൃഷ്ടികൾ വായിക്കുന്നതിന് പ്രേരിപ്പിക്കും. മാത്രമല്ല സർഗാത്മക രചനകൾ വേഗം അംഗീകാരം നേടുകയും ചെയ്യും. രണ്ടാം ടേം മുതൽ രചനോത്സവം ആരംഭിക്കാം.

## ലക്ഷ്യങ്ങൾ

* കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന്.
* സ്വതന്ത്രരചനയ്ക്ക് അവസരം ഒരുക്കുക.
* അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുക.
* രചനകൾ സമൂഹവുമായി പങ്കിടുക.

## പ്രക്രിയ

* രക്ഷിതാക്കൾക്കായി രചനോത്സവ ശില്പശാല.

→ രചനോത്സവം എന്തിന്? എങ്ങനെ? പ്രായോഗികാ-നുഭവം

• ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ തെര-ഞ്ഞെടുക്കൽ.

• ചിത്രങ്ങൾ ഓരോ ആഴ്ചയിലും ഒന്നു വീതം എല്ലാ കുട്ടികൾക്കും ലഭ്യമാക്കൽ

• ആ ചിത്രത്തെ സന്ദർഭത്തെ വിശകലനം ചെയ്യുന്നതിനായി ചോദ്യങ്ങൾ ഉന്നയിക്കുക.

→ എന്താണ് സംഭവിക്കുന്നത്? / ആരാണിവർ?

→ ഇതിനു മുമ്പ് എന്തായിരിക്കാം സംഭവിച്ചത്?

→ ഇതിനുശേഷം എന്താകാം സംഭവിക്കുക?

→ എവിടെ എപ്പോഴാണ് സംഭവം നടക്കുന്നത്?

• ചോദ്യങ്ങളും ചിത്രവും വിശകലനം ചെയ്ത ശേഷം കുട്ടികളുടെ പലവിധ പ്രതികരണങ്ങൾ അവയെല്ലാം സാധ്യതകളാണ്. മറ്റെന്തെങ്കിലും സാധ്യതകൾ പരിഗണിക്കൽ.

• തുടർന്ന് കുട്ടിക്ക് സർഗാത്മക രചനയിലേർപ്പെടാൻ അവസരം.

• രക്ഷിതാക്കളുടെ പിന്തുണയോടെയും രചനയിലേർപ്പെടാം. തുടക്കത്തിൽ കുട്ടികൾ ആശയം പറയുകയും മുതിർന്നവർ അവർക്കു വേണ്ടി അത്

രേഖപ്പെടുത്തുകയുമാണ് വേണ്ടത്. ചെറുവാക്യങ്ങളാകാൻ ശ്രദ്ധിക്കുക. സംയുക്ത രചനയുമാകാം.

- കുട്ടികൾ സ്വന്തമായും രക്ഷിതാക്കളുടെ സഹായത്തോടെയും എഴുതുന്ന രചനകൾ ആവശ്യമെങ്കിൽ തെളിവു നൽകി എഡിറ്റിങ്.

## അച്ചടിച്ച രചനകൾ

- എല്ലാ കുട്ടികളുടെയും തെരഞ്ഞെടുത്ത രചനകൾ ഉൾപ്പെടുത്തി ക്ലാസിനൊന്നാകെ കൂട്ടെഴുത്തുകൾ പ്രകാശിപ്പിക്കാം.
- ഓരോ കുട്ടിയുടെയും രചനകൾ വേറെ വേറെ പുസ്തകമാക്കി പ്രകാശിപ്പിക്കാം.
- വായനക്കാർഡുകളാക്കി പ്രസിദ്ധീകരിക്കാം.
- അടുത്തുള്ള വായനശാലകൾക്ക് പ്രസിദ്ധീകരിച്ചവ കൈമാറാം.

# കൂട്ടെഴുത്തു പത്രം

റീഡേഴ്സ് തിയേറ്റർ സഹവർത്തിത വായനയ്ക്കുള്ളതാണെങ്കിൽ കൂട്ടെഴുത്തു പത്രം സഹവർത്തിത രചനയ്ക്കുള്ളതാണ്. താൽപര്യപൂർവ്വം രചന ഏറ്റെടുക്കാനും മറ്റുള്ളവർക്ക് വായിക്കാൻ പറ്റും വിധം വ്യക്തതയോടെ എഴുതുന്നതിനും കൂട്ടെഴുത്തു പത്രം അവസരം നൽകും.

## ലക്ഷ്യങ്ങൾ

1. പരസ്പര ചിന്തനയോടെ രചനാശേഷി വർദ്ധിപ്പിക്കുക.
2. കുട്ടികൾ നേരിടുന്ന ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഠനപങ്കാളികളുടെ സഹായം ഉറപ്പാക്കുക.
3. രചനകൾ പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് അവസരം ഒരുക്കുക.

## പ്രവർത്തനങ്ങൾ

1. ക്ലാസിൽ, വിദ്യാലയത്തിൽ, നാട്ടിൽ നടന്ന വിശേഷപ്പെട്ട കാര്യങ്ങൾ പറയിക്കൽ
2. അവയിൽ നിന്നും നാലോ അഞ്ചോ ഇനങ്ങൾ തെരഞ്ഞെടുക്കൽ.
3. തെരഞ്ഞെടുത്ത ഇനങ്ങളുടെ അത്രയും ഗ്രൂപ്പുകൾ രൂപീകരിക്കൽ (ഭിന്നനിലവാര ഗ്രൂപ്പാകണം)
4. ഓരോ ഗ്രൂപ്പിനും ഓരോ ഇനം നിശ്ചയിക്കൽ.
5. കിട്ടിയ വിഷയത്തെക്കുറിച്ച് നാലോ അഞ്ചോ കാര്യങ്ങൾ ഗ്രൂപ്പിനുള്ളിൽ പങ്കിടൽ.
6. വാക്യങ്ങളുടെ എഴുത്തുക്രമം നിശ്ചയിക്കൽ.
7. ഓരാൾ ഒരു വാക്യം വീതം എഴുതൽ (പെൻസിൽ ഉപയോഗിച്ച്) മറ്റുള്ളവർ ആവശ്യമെങ്കിൽ സഹായിക്കണം.

8. എല്ലാവരുടെയും കൈയക്ഷരം നിർബന്ധം.
9. തലക്കെട്ട് എഴുതൽ.
10. എഡിറ്റിംഗ് (വാക്യഘടന, അക്ഷരചിഹ്ന പ്രശ്നങ്ങൾ)
11. ഒരേ സൈസിലുള്ള പേപ്പറിലേക്ക് മാറ്റിയെഴുതൽ. (സ്കെച്ച് പേന ഉപയോഗിക്കാം)
12. ചാർട്ടിൽ ഒട്ടിക്കൽ
13. പത്രത്തിന്റെ പേരെഴുതൽ.
14. പത്രപ്രകാശനം.
15. ഡിജിറ്റൽ കോപ്പി ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കിടൽ.

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഓരോ പ്രദേശത്തിന്റെയും സാംസ്കാരികവും പാരിസ്ഥിതികവും സാമൂഹികവുമായ സവിശേഷതകൾ കുട്ടികൾ അറിയേണ്ടതുണ്ട്. കേന്ദ്രീകൃതമായി തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾക്ക് ഇവ പ്രതിഫലിപ്പിക്കാൻ പരിമിതിയുണ്ട്. നാട്ടുവിശേഷം കൂട്ടെഴുത്ത് താൻ വസിക്കുന്ന നാടിനെ അറിയാനും ആ അറിവ് തന്റേതായ രീതിയിൽ രേഖപ്പെടുത്തുന്നതിനും അവസരം ഒരുക്കും.

## ലക്ഷ്യങ്ങൾ

* സ്വന്തം ചുറ്റുപാടിനെക്കുറിച്ച് അറിയുന്നതിന് അവസരം ഒരുക്കുക.
* അന്വേഷിച്ചറിഞ്ഞ കാര്യങ്ങൾ രേഖപ്പെടുത്തി പങ്കിടുക.
* ആശയവ്യക്തതയോടെ കുറിപ്പുകൾ തയ്യാറാക്കുന്നതിനുള്ള ശേഷി വികസിപ്പിക്കുക.
* അന്വേഷണാത്മക പഠനത്തിന്റെ സാധ്യതകൾ ഒന്നാം ക്ലാസിൽ പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

* നാട്ടിലെ പ്രധാന സ്ഥലങ്ങൾ കുട്ടികളുമായി ചർച്ച ചെയ്യുക.
* ആശയപടം നിർമ്മിക്കുക.
* ഓരോ സ്ഥലവുമായി ബന്ധപ്പെട്ട് നേരനുഭവമുള്ളവർ ആരെല്ലാം ?
* അവര് വിവിധ ഗ്രൂപ്പുകളിൽ അംഗങ്ങളാകുന്ന വിധം ഗ്രൂപ്പുകൾ രൂപീകരിക്കുക.
* ഒന്നോ രണ്ടോ ദിവസം മുതിർന്നവരിൽ നിന്നും വിവരം ശേഖരിക്കുന്നതിന് വേണ്ടി ഉപയോഗിക്കാൻ.
* ഗ്രൂപ്പുകൾ കൂടി ആശയങ്ങൾ ക്രോഡീകരിക്കാൻ.
* എഴുത്തുക്രമം തീരുമാനിക്കാൻ.

* ഒരാൾ ഒരു വാക്യം വീതം എഴുതൽ
* എല്ലാവരുടേയും കൈയക്ഷരം നിർബന്ധം .
* തലക്കെട്ട് നൽകണം .
* മുതിർന്നവരുടെ സഹായത്തോടെ ഫോട്ടോ എടുത്ത് പ്രിന്റ് ചേർക്കാം .
* എഴുതുമ്പോൾ പരസ്പരം സഹായിക്കണം .
* ഓരോ ഗ്രൂപ്പും എഴുതിയതിന്റെ ഫിനിഷിഡ് കോപ്പി തയ്യാറാക്കണം .
* ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കിടണം .
* നാട്ടുവിശേഷം പതിപ്പ് എന്ന നിലയിൽ വർഷാവസാനം പ്രകാശനം നടക്കണം .

മേഖല - അക്കാദമികം.

ഉപമേഖല - പരിസരപഠനം.

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ആഹാരശീലങ്ങളും, ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താതെ | ഡിസംബർ ജനുവരി | SRG SMC | |

SMC

6. പ്രകൃതിയിൽ നിന്നുള്ള വസ്തുക്കളുടെ പരിചയപ്പെടുത്തൽ.

7. മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാക്കാവുന്ന ലളിതമായ കളിയുപകരണങ്ങളും കുട്ടികൾക്ക് മാത്രമായി ഉണ്ടാക്കാവുന്നവയും രക്ഷിതാക്കൾ ഉണ്ടാക്കുന്നവയും വിദഗ്ധർ ഉണ്ടാക്കുന്നവയും പരിഗണിക്കണം.

8. നിർമ്മാണ ശില്പശാല തീയതി തീരുമാനിക്കൽ.

9. ഉദ്ഘാടന ചടങ്ങ് നടത്താം.

10. പ്രചരണം (പോസ്റ്റർ, നവമാധ്യമങ്ങളിൽ കുറിപ്പ്)

11. നിർമ്മാണ ശില്പശാലയിൽ ആർപ്പോ ഇർറോ എന്ന പാഠത്തിലെ പാട്ടുകൾ പ്രയോജനപ്പെടുത്തണം.

12. നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനവും സംഘടിപ്പിക്കണം.

13. കളിപ്പാട്ട നിർമ്മാണ ശില്പശാല സംയുക്തഡയറിയിലെ ഉള്ളടക്കമാകണം.

# ENGLISH

Aim
To speak, read and write English without any mistake

| Aim | Activities | Support | Month | Financial resources. |
| --- | --- | --- | --- | --- |
| Reading skills | • To develop listening skill and reading skills. | Teachers Parents | June | |
| | • Description framing sentences Pictures reading riddles, quiz. | | July. | |
| | • Reading breaking news • Find words from reading materials. • Rhyming words. | | July August. | |
| | • Describing words from • text book activities. | | September | |
| riting Skills | • Make words web . Pictures description. | | September October. | |
| ating Skills | - Word chain · Make word web. · Story telling · Riddles · Conversation. | | November December January. | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | | |
| | 2) ജ്യാമിതിയ രൂപങ്ങളുടെ നിർമ്മാണം ഏകദിന ക്യാമ്പ് | സപ്തംബർ | ക്ലാസ് ടീച്ചർ | SSA |
| | 3) ഗണിത ക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | |

# ACADEMIC MASTER PLAN

## 2025-26

Class : 2

GHSS PUTHUPARAMBA

# മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ

രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ :

- ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാ സാമഗ്രികൾ നിർമിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ :

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്ത്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)
* ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

* വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
* ഇൻലന്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
* വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

- പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

- 1, 2, 3, 4 ......

1,3,5,7....

10,20,30,40,....

5,10,15,20....

2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

ആഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

- സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ

ഉറപ്പിക്കുന്നു.

ഒക്ടോബർ

- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി

സംഖ്യ എഴുതൽ

- "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

ഡിസംബർ

- സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.,
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി

കഴിയുക.

# English

Aim . : To speak, Read, & write English without any mistakes

Time - June ,July, August

June

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self introduction
Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August

Reading skills

News paper reading, library books reading, book review, reading breaking news, find words.
collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

# അക്കാദമിക് മാസ്റ്റർപ്ലാൻ

Std: 3

## മലയാളം

**ലക്ഷ്യങ്ങൾ:-**

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും,

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- രചനകൾ ഭാവാത്മകമായി വായിക്കും.
- ആസ്വദിച്ച ഭാഷാഘടകങ്ങൾ (കഥ, കവിത, നാടൻ പാട്ട്, കടങ്കഥ, പഴഞ്ചൊല്ല്...മുതലായവ ) ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.
- ലഘുവായ സർഗാത്മക രചനകൾ നടത്തും. (കഥ, കവിത, ഡയറി, ചിത്രം)
- കഥകളെയും കവിതകളേയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്ക്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്ക്കരിക്കും (വിവരണം, സംഭാഷണം)

**ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ:-**

**ജൂൺ - ജൂലായ്**

**1. കനകച്ചിലങ്ക**

- നാടൻ പാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉള്ളത്)
- പഴഞ്ചൊല്ലുകൾ ശേഖരണം

- കഥാശേഖരം -ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകഥകൾ)
- നാടൻ പാട്ടിലെയും കവിതയിലയും താളം (കവിത ചൊല്ലൽ ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണ ശില്പശാല)

- കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥപ്പയറ്റ്

- കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം - അഭിമുഖസംഭാഷണം
- കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം

- പാവ നാടകത്തെ അടുത്തറിയാം - ശില്പശാല

-
-

## ആഗസ്റ്റ്, സെപ്തംബർ

### 2. പലഹാരപ്പൊതി

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കിവയ്ക്കൽ
- നാടക ശില്പശാല
- റോൾപ്ലേ അവതരണങ്ങൾ
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള - പാചക കുറിപ്പ് തയ്യാറാക്കൽ
- കത്തുകൾ മാതൃകകൾ
- ഹരിത കർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾ പത്രം
- വിമല വിദ്യാലയം ശുചിത്വ പരിപാടി തയ്യാറാക്കൽ
- 
- 
- 

**സി പി ടി എ ഒന്നാം മികവുത്സവം**

നാടോടിക്കഥകളുടെ അവതരണം
നാടൻ പാട്ടുകളുടെ അവതരണം
പാവനാടകം അവതരണം,

## ഒക്ടോബർ

### 3. മനുഷ്യന്റെ കൈകൾ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ:_ കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്
- നാടൻ പാട്ട് ശില്പശാല
- 
- 

# Standard: 3 -2024-25

## English - Master plan

AIM-

To speak, Read & write English without any mistakes

Time:- June to march.

To check the vocabulary and writing skills of pupils.

Activities

June and July

Pre test

To develop listening skills and reading skills.

**Listening skills:**

Games, Action songs.

- Hello English Activities
- conversations
- skit stories
- use ICT

**speaking skills:-**

Identify the naming words from the picture

- Identify the action words from the picture.

Make the simple sentences using the word about picture

Make simple description about the picture

-Growing sentences, . picture reading, self introductions

August and september

- Develop the creative speaking and writing

**Reading skills**

Books reading

Find words

Collect and read past tense

Rhyming words

TB Activities

**Writing Skills**

make word web

picture description

Word chain

Make words & Sentencess

Make riddles, conversations

Add more lines.

## October and November ~

To express thoughts, feelings etc....

**Reading skills**

-Library book reading

- Conversations, skit, Stories, use ICT

Read notice

Develop story

**Writing Skills**

- Description
- Thoughts

## * December and January.

Develop the creative speaking and writing.

**Reading skills**

- Library books reading
- Conversations ,skit Stories use ICT
- Develop story
- Reads dairy

**Writing Skills**

Dairy

Announcement

## * February and march

To improve the presentation power.

**Reading Skills**

Library books reading

Conversations, skit Stories

Develop story.

**Writing Skills:**

- Dairy
- Descriptions
- Thoughts
- Exibition.
-

# അക്കാദമിക് മാസ്റ്റർപ്ലാൻ

Std : 3.

## ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി പ്രയോജനപ്രദമാണ്. സ്ഥലപരവും ദിശാപരവുമായ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതിലും ജ്യാമിതി വളരെ പ്രധാന പങ്കുവഹിക്കുന്നുണ്ട്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിൻറെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിത പഠന ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാന വിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു. മന ഗണിതത്തിനു പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട് .

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെൻറീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടാപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്. അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്ത യോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്

**ജൂൺ - ജൂലായ്**

യൂണിറ്റ് 1 – രൂപങ്ങൾ വരയ്ക്കാം

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ
തോരണം നിർമാണം, തോണി നിർമ്മാണം (കളർ A4)
വെജിറ്റബിൾ പ്രിൻറിംഗ്
ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ
കുട്ടികൾ നിർമ്മിക്കുന്നു.

**ജൂലായ്, ആഗസ്റ്റ്**

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശിൽപ്പശാല നിർമ്മിക്കേണ്ടത്.
1 മുതൽ 100 വരെ എഴുതിയ ടോക്കൺ
കളിനോട്ടുകൾ
ഓരോ നോട്ടുകളും 10 എണ്ണം വീതം
കമ്പ് കെട്ടുകൾ
സംഖ്യാ സ്ട്രിപ്പുകൾ
അബാക്കസ് നിർമ്മാണം.

**ആഗസ്റ്റ്, സെപ്തംബർ**

പ്രയോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

**ഒക്ടോബർ**

സ്കെയിൽ നിർമ്മാണം
കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്യാമ്പ്

**നവംബർ, ഡിസംബർ**

ഗുണനന വസ്തുത കാർഡ് നിർമ്മാണം

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## ക്ലാസ്: 3 ഗണിതം

**ഒന്നാം ടേം**
**ലക്ഷ്യങ്ങൾ**

**ജ്യാമിതീയ രൂപങ്ങൾ, പാറ്റേണുകൾ ധാരണ ഉറപ്പിക്കൽ.**
**സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം ശേഷികൾ ഉറപ്പിക്കൽ.**

**മേഖല**
**ജ്യാമിതീയ രൂപങ്ങൾ**
**പാറ്റേണുകൾ**

**മേഖല**
സംഖ്യാബോധം [2000 വരെ ]
സംഖ്യ വ്യാഖ്യാനം [1000 വരെ]

## നടത്തുന്ന പ്രവർത്തനങ്ങൾ

ജൂൺ മാസം

ഗണിതലാബ് സജ്ജീകരണം
വർക്ക്ഷീറ്റ്
ജ്യാമിതീയ രൂപങ്ങൾ കണ്ടെത്തൽ,വരയ്ക്കൽ, നിറം കൊടുക്കൽ, ചിത്ര പാറ്റേണുകൾ തയ്യാറാക്കൽ.

ജൂലായ്, ആഗസ്റ്റ് മാസം

സംഖ്യകളെ കൂട്ടങ്ങളാക്കൽ, ആരോഹണം - അവരോഹണ ക്രമത്തിലെഴുതൽ, അക്കത്തിലും, അക്ഷരത്തിലും എഴുതൽ, പിരിച്ചെഴുതൽ, സംഖ്യാ പാറ്റേൺ, സംഖ്യാ വ്യാഖ്യാനം, സംഖ്യാ ബന്ധങ്ങൾ കണ്ടെത്തൽ, നോട്ടുകളും, നാണയങ്ങളും......

# പരിസരപഠനം

- അക്കാദമികം

...മേഖല - പരിസരപഠനം

...ം- III

| ...ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ാവബോധം ...ുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| ...ി വിഭവ സംര... | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ...പരീക്ഷണങ്ങ... ...ാത്പര്യം ജനി...ക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ക്ലാസ് - IV

<u>മലയാള ഭാഷ (Std IV)</u>

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| കണ്ടറിയാം... കേട്ടറിയാം... | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| രുചിച്ചറിയാം... | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| കലക്കൂട്ട് | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചായങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| സർഗ്ഗോത്സവം | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

# English – Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |